(ബി -ഡി) വിവരങ്ങൾ ശേഖരിച്ച് വരുന്നു.

ദേശീയ തൊഴിലുറപ്പ് പദ്ധതി

114 (6032) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വിഭാവന ചെയ്യുന്ന തരത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം നടപ്പിൽ വരുത്തുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ; അതിന്റെ ഘടന വ്യക്തമാക്കാമോ ;

(ബി) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടത്തിയത് ; എത്ര രൂപയുടെ ; ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികൾ, ചെലവാക്കിയ തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വിഭാവന ചെയ്യുന്ന തരത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ സംസ്ഥാന തൊഴിലുറപ്പ് മിഷൻ രൂപീകരിക്കുകയും മിഷൻ ഡയറക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തൊഴിലുറപ്പ് മിഷന്റെ സുഗമമായ പ്രവർത്തനത്തിനായി 8 പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് പുറമേ 8 ജില്ലകളിൽ ജോയിന്റ് പ്രോഗാം കോ-ഓർഡിനേറ്റർമാരേയും ബ്ളോക്ക് തലത്തിൽ 65 പ്രോഗ്രാം ഓഫീസർ മാരെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ജലസംരക്ഷണവും ജല കൊയ്ത്തും.
2. വരൾച്ച തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, വനസംരക്ഷണവും മരം വച്ചു പിടിപ്പിക്കലും ഉൾപ്പെടെയുള്ളവ.
3. ജലസേചനത്തോടുകൾ, ചെറുകിട ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ളവ
4. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി, ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കളുടെ ഭൂമി, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ഭൂമി, 5 ഏക്കർ വരെ ഭൂമി യുള്ള ചെറുകിട നാമമാത്ര കർഷകരുടെ ഭൂമി എന്നിവയിൽ ജല സേചനം, ഭൂവികസനം, ഹോർട്ടി കൾച്ചർ എന്നീ പ്രവൃത്തികൾ.

LIBRARY ARCHIVES Kerala Legislative Assembly

5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം.

6. ഭൂവികസനം.

7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ.

8. ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏതു കാലാവസ്ഥയിലും ഉപയോഗയോഗ്യമായ ഗതാഗത സൗകര്യം.

ആകെ 1041.048 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികൾ, ചെലവാക്കിയ തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

തൊഴിലും വീടും ജനകീയ കാമ്പയിൻ

115 (6033) ശ്രീ. എം. എം. മോനായി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി നടത്തിയ തൊഴിലും വീടും ജനകീയ കാമ്പയിൻ വിജയകരമായിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ;

(സി) ഈ വർഷം എത്ര കുടുംബങ്ങൾക്ക് ജോലി നൽകാനാണ് ലക്ഷ്യം ഇട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'തൊഴിലും വീടും ജനകീയ കാമ്പയിൻ' വിജയകരമായിരുന്നു.

(ബി) നീർത്തട വികസന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ പറയുന്നവയാണ്.

1. 5 ഏക്കർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരായിരിക്കണം

2. വ്യക്തിഗത ഭൂവുടമ തൊഴിൽ കാർഡു ലഭിച്ചയാളും പ്രസ്തുത പ്രവൃത്തിയിൽ പണിയെടുക്കുന്നയാളും ആയിരിക്കണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly